**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2812** | **10/03/2017-ൽ മറുപടിയ്ക്ക്** |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.പി.കെ.ശശി** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

**സർക്കാർ/എയ്ഡഡ് സ്വകാര്യമേഖലകളിലെ വിദ്യർത്ഥികൾ**

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്, സ്വകാര്യമേഖലകളിൽ സ്റ്റേറ്റ് സിലബസ്/മറ്റുസിലബസുകൾ എന്നിവയിലായി എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട് ; ഇതിനായി എത്ര സ്കൂളുകൾ (പ്ലസ് ടു ഉൾപ്പെടെ) സംസ്ഥാനത്തു പ്രവർത്തിക്കുന്നു എന്നും ഓരോ ജില്ലയിലും എത്ര എന്നും വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) ഹൈസ്കൂളുകളെ സംബന്ധിച്ച വിശദാംശം അനുബന്ധം I–ലും ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ച വിശദാംശം അനുബന്ധം II– ലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ച വിശദാംശം അനുബന്ധം III– ലും ചേർക്കുന്നു. |
| (ബി) പ്രസ്തുത വിദ്യാഭ്യാസ മേഖലയിൽ ബാലാവകാശം സംബന്ധിച്ച ആഗോള ഉടമ്പടിയുടെ ലംഘനങ്ങളും കുട്ടികളുടെ നൈസർഗ്ഗികമായ മാതൃഭാഷ നിഷേധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിദ്യാഭ്യാസ മേഖലയിൽ ബാലാവകാശം സംബന്ധിച്ച ആഗോള ഉടമ്പടിയുടെ ലംഘനങ്ങളും കുട്ടികളുടെ നൈസർഗ്ഗികമായ മാതൃഭാഷ നിഷേധിക്കലും ശ്രദ്ധയിൽപ്പെട്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) സ്വകാര്യമേഖലയിലെ സ്കൂളുകളിൽ മാതൃഭാഷ സംസാരിച്ചതിന് പിഴയും മറ്റുപല ശിക്ഷാ നടപടികളും സ്വീകരിക്കുമ്പോൾ (സി.ബി.എസ്.സി. തുടങ്ങി മറ്റ് സിലബസ് പഠനം നടത്തുന്ന സ്ഥാപനങ്ങളിൽ) ഇവർക്കെതിരെ ജില്ലാ/സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകളും അധികാരികളും എന്തു നടപടി സ്വീകരിച്ചു എന്നും, ഇതിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയോ എന്നും ഇത്തരം നടപടികൾ നടത്തിയ വിദ്യാഭ്യാസ സ്ഥാപനം/ഉടമ അദ്ധ്യാപക/അനദ്ധ്യാപക ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) സി.ബി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കേവലം എൻ.ഒ.സി നൽകുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് പൂർണ്ണമായും സി.ബി.എസ്.ഇ ആണ്. അതുകൊണ്ടുതന്നെ ഇത്തരം സ്കൂളുകളെ നിയന്ത്രിക്കുന്നതിനും വിഷയങ്ങളിൽ ഇടപെടുന്നതിനും വിദ്യാഭ്യാസ വകുപ്പിന് പരിമിതികളുണ്ട്. ഇത്തരം വിഷയവുമായി ബന്ധപ്പെട്ട് ഗൗരവമായ നടപടി ഒന്നും തന്നെ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം സാധിക്കുന്നില്ല.

(ഡി) മാതൃഭാഷ മലയാളത്തിന്റെ വ്യാപനവും പോഷണവും നയമായും ഔദ്യോഗിക ഭാഷ മലയാളമായും പ്രഖ്യാപിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നയങ്ങൾക്കെതിരായി നിലകൊള്ളുന്ന മറ്റു സിലബസുകൾ കൈകാര്യം ചെയ്യുന്ന സ്കൂളുകളുടെ പൂർണ്ണമായ നിയന്ത്രണം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കാനും, നിയന്ത്രണ വിധേയമല്ലാത്ത പ്രവർത്തനം നടത്തുന്ന സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കാനുള്ള അധികാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരുവാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ